ഉത്തരം

(എ) ഇപ്പോൾ ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 1976-ൽ വിഴിഞ്ഞത്ത് ആരംഭിച്ച മുത്തുച്ചിപ്പി വളർത്തൽ കേന്ദ്രം 30-10-1984-ൽ നിറുത്തലാക്കി. ഇവിടെ ഉല്പാദിപ്പിച്ച മുത്തുകളൊന്നും ഇതുവരെ വിറ്റിട്ടില്ല. ഇത് വിപണനം ചെയ്തു കഴിഞ്ഞാലെ യഥാർത്ഥ ലാഭനഷ്ടം നിശ്ചയിക്കാൻ സാധിക്കയുള്ളൂ.

വട്ടപ്പാറ പഞ്ചായത്ത് രൂപീകരണം

482. [596] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വട്ടപ്പാറ വില്ലേജ് രൂപീകരണത്തെ തുടർന്ന് വട്ടപ്പാറ പഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി) വട്ടപ്പാറ വില്ലേജിനു മാത്രമായി ഒരു പഞ്ചായത്ത് രൂപീകരിക്കുന്നതിന് നടപടികളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. വില്ലേജടിസ്ഥാനത്തിൽ എല്ലാപഞ്ചായത്തുകളും പുനഃസംഘടിപ്പിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്.

പഞ്ചായത്തുകളിൽ ടെലിവിഷൻ സ്ഥാപിക്കാൻ നടപടി

483. [597] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾക്കുവേണ്ടി ഓരോ പഞ്ചായത്തുകളിലും ഓരോ ടെലിവിഷൻ സെറ്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ ഏത്ര പഞ്ചായത്തുകളിൽ ഇപ്പോൾ ടെലിവിഷൻ സെറ്റുകളുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് ഓരോ പഞ്ചായത്തിലും ഓരോ കൽട്രോൺ ടി. വി. വാങ്ങി സ്ഥാപിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly